


*Solar Energy for a Sustainable Tomorrow*

# Kerala Domestic Solar Prosumers Community

www.keraladspc.org

## നമ്മുടെ ദൗത്യം (Our Mission)

കേരളത്തിലെ ഗാർഹിക സോളാർ ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, സുസ്ഥിരമായ ഒരു ഊർജ്ജ സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട ഒരു സ്വതന്ത്ര കൂട്ടായ്മയാണ് KDSPC. അറിവ് പങ്കുവെക്കലിലൂടെയും ബോധവൽക്കരണത്തിലൂടെയും ഓരോ പ്രൊസ്യൂമറെയും ശാക്തീകരിക്കുക എന്നതാണ് ഞങ്ങളുടെ പ്രാഥമിക ലക്ഷ്യം.

## പ്രവർത്തന മേഖലകൾ (Areas of Activity)

- **അറിവ് പങ്ക് വയ്ക്കൽ:** സാങ്കേതികവും നിയമപരവുമായ അറിവുകൾ വിദഗ്ധരായ അംഗങ്ങൾ വഴി ലളിതമായി ലഭ്യമാക്കുന്നു.
- **നിയമ സഹായം:** വൈദ്യുതി ബോർഡിന്റെയും റെഗുലേറ്ററി കമ്മീഷന്റെയും തെറ്റായ തീരുമാനങ്ങൾക്കെതിരെ ഗ്രൂപ്പിലെ ലീഗൽ സപ്പോർട്ട് ഗ്രൂപ്പ് വഴി നിയമപോരാട്ടം നടത്തുന്നു.
- **പൊതു ഇടപെടലുകൾ:** ജനപ്രതിനിധികൾക്ക് നിവേദനം നൽകിയും പൊതു തെളിവെടുപ്പുകളിൽ പങ്കെടുത്തും ഉപഭോക്താക്കളുടെ ശബ്ദം അധികാരികളിൽ എത്തിക്കുന്നു.
- **ബോധവൽക്കരണ ക്ലാസുകൾ:** ഓൺലൈൻ ക്ലാസുകളും 'ജനകീയ സഭ' പോലുള്ള ചർച്ചകളും വഴി കൃത്യമായ ഇടവേളകളിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നു.

## കൂട്ടായ്മയുടെ ഘടന (Community Structure)

- **വാട്സാപ്പ് ഗ്രൂപ്പുകൾ:** വിവിധ വിഷയങ്ങൾക്കായി പ്രത്യേക സബ് ഗ്രൂപ്പുകളും പൊതു ചർച്ചകൾക്കായി മെയിൻ ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു.
- **കോർ കമ്മിറ്റി (CC):** കൂട്ടായ്മയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള സമിതി.
- **അഡ്മിൻ പാനൽ:** ഗ്രൂപ്പിലെ അച്ചടക്കവും വിവര വിനിമയവും സുഗമമാക്കാൻ പ്രവർത്തിക്കുന്ന അംഗങ്ങൾ.
- **ലീഗൽ സെൽ:** നിയമപരമായ വെല്ലുവിളികളെ നേരിടാൻ രൂപീകരിച്ച പ്രത്യേക വിഭാഗം.

**"സൗരോർജ്ജം സുസ്ഥിരമായൊരു നാളേക്ക്"**

*(Solar Energy for a Sustainable Tomorrow)*

# കേരളാ ഡൊമെസ്റ്റിക് സോളാർ പ്രൊസ്യൂമേഴ്സ് കമ്യൂണിറ്റി

## (KDSPC)

### ചെറിയ തുടക്കം:

കേരളത്തിലെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം ഏതാണ്ട് 1.1 കോടി വരും. ഇതിന്റെ 3 ശതമാനത്തിൽ താഴെ മാത്രം വരുന്ന ഒരു വിഭാഗമാണ് ഗ്രിഡുമായി ബന്ധിപ്പിച്ച പുരപ്പുറ സോളാർ പ്ലാന്റ് ഉടമകൾ. ഇതിൽ തന്നെ ഒരു ലക്ഷത്തോളം പേർ ഇക്കഴിഞ്ഞ വർഷം മാത്രം സ്ഥാപിച്ചവരാണ്. ഇങ്ങനെയുള്ളവരിൽ നിന്നുള്ള ഒരു ന്യൂനപക്ഷം (3000 പേർ) ഉൾക്കൊള്ളുന്ന ഒരു വാട്സാപ്പ് കൂട്ടായ്മയാണ് **കേരളാ ഡൊമെസ്റ്റിക് സോളാർ പ്രൊസ്യൂമേഴ്സ് കമ്യൂണിറ്റി (KDSPC)**

റിട്ടയേഡ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ ജെയിംസ് കുട്ടി തോമസിന്റെ മനസിൽ ഉദയം ചെയ്ത ഒരാശയമാണ് ഈ കൂട്ടായ്മക്ക് തുടക്കമായത്. 2020-ൽ സോളാർ പ്ലാന്റ് സ്ഥാപിച്ച അദ്ദേഹത്തിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും മറ്റും അനുഭവിക്കേണ്ടി വന്ന ദുരനുഭവങ്ങളാണ് അത്തരം ചിന്തക്ക് കാരണം. അദ്ദേഹവും സമാന അനുഭവസ്ഥരായ മറ്റ് ചില പുരപ്പുറ സോളാർ പ്ലാന്റ് ഉടമകളും (ഗാർഹിക) ചേർന്ന് 2024 ഫെബ്രുവരിയിൽ തുടക്കം കുറിച്ച ഒരു വാട്സാപ്പ് കൂട്ടായ്മ വളരെ പതുക്കെയാണ് പ്രയാണം ആരംഭിച്ചത്. സമൂഹ നന്മക്ക് എന്തെങ്കിലും ഗുണം ചെയ്യണമെന്ന ആഗ്രഹമുള്ള പലർക്കും പല വിധത്തിൽ ഗ്രൂപ്പ് ലിങ്ക് ലഭിച്ചു കൂട്ടായ്മയുടെ ഭാഗമാവാൻ കഴിഞ്ഞു. പിന്നീട് വ്യവസ്ഥാപിത രൂപത്തിൽ ഗ്രൂപ്പ് നിയമങ്ങൾ രൂപപ്പെടുത്തിയും കോർ കമ്മിറ്റി രൂപീകരിച്ചും അഡ്മിൻമാരെ നിശ്ചയിച്ചും പ്രവർത്തനങ്ങൾ തുടർന്നു.

## പ്രവർത്തന രീതി

KDSPC-യുടെ പ്രവർത്തന വീഥിയിലെ ഏറ്റവും പ്രധാനപ്പെട്ടത് അറിവ് പങ്ക് വയ്ക്കലും ബോധവൽക്കരണവും, അത് വഴി പ്രൊസ്യൂമറിനെ ശാക്തീകരിക്കലുമാണ്. സമൂഹത്തിൽ പിൻതള്ളപ്പെടാനും ചൂഷണത്തിന് വിധേയരാവാനും കാരണം അജ്ഞതയാണ്. ശരിയായ അറിവ് മൂല സ്രോതസിൽ നിന്ന് പ്രായോഗികതയോടെ കരഗതമാകുവാൻ യോഗ്യരായ RP (Resources Person)മാർ ഉൾക്കൊള്ളുന്നതാണ് KDSPC-യുടെ കോർ കമ്മിറ്റി (CC). ഇത് കൂടാതെ ഗ്രൂപ്പ് അംഗങ്ങളിൽ പലരും ഈ നിലവാരത്തിൽ ഉള്ളവരാണ്. വിഷയാധിഷ്ഠിത സബ് ഗ്രൂപ്പുകൾ വാട്സാപ്പിൽ തുടങ്ങിയും, ഇതിലൂടെ ചർച്ചകൾ വഴിയും ഇടയ്ക്കിടെ ഓൺലൈനിൽ പഠന ക്ലാസുകൾ സംഘടിപ്പിച്ചും ഇത് സാധ്യമാക്കുന്നു. നിയമസഭയിൽ ഉചിതമായ ചോദ്യങ്ങൾ ഉന്നയിക്കാൻ ജനപ്രതിനിധികൾക്ക് കുറിപ്പുകൾ തയ്യാറാക്കി കൊടുക്കുന്നു. വ്യക്തിപരമായ കാര്യങ്ങളിൽ ഓഫീസുകളിൽ കൊടുക്കേണ്ട പെറ്റീഷനുകൾ തയ്യാറാക്കാൻ സഹായിക്കൽ തുടങ്ങി പലതും ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. KDSPC അംഗങ്ങൾക്ക് മാത്രമായും പൊതുജനങ്ങൾക്ക് കൂടി പങ്കാളിത്തമുള്ള "ജനകീയ സഭ" പോലെയുള്ള ചർച്ചാ ക്ലാസ്സുകളും നടത്തി വരുന്നു

ഇത് കൂടാതെ KDSPC-യുടെ https://www.keraladspc.org/ എന്ന വെബ്സൈറ്റിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് ആവശ്യമായ അറിവിന്റെ കലവറ Frequently Asked Questions (FAQ) രൂപത്തിൽ ലഭ്യമാണ്. സോഷ്യൽ മീഡിയയിൽ Facebook പേജിൽ നിരന്തരം ഇടപെടലുകൾ നടത്തുന്നുണ്ട്. പ്രധാന വാർത്താ ചാനലുകൾ വൈദ്യുതിയുമായി ബന്ധപ്പെട്ട് നടത്തുന്ന ചർച്ചകളിൽ KDSPC പ്രതിനിധികൾ പങ്കെടുത്തു സംസാരിച്ചത് പൊതുജനം ഏറെ സ്വാഗതം ചെയ്യുന്നുണ്ട്. നിയമ വിരുദ്ധ കാര്യങ്ങൾക്കെതിരായി അംഗങ്ങൾ സ്വന്തമായി നടത്തുന്ന പോരാട്ട വിവരങ്ങൾ യൂട്യൂബ് ചാനൽ വഴി ജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നു.

**ജനറേഷൻ ഡ്യൂട്ടി:**

പ്രൊസ്യൂമർമാരിൽ നിന്നും വൈദ്യുതി ബില്ലിലൂടെ ഈടാക്കുന്ന ജനറേഷൻ ഡ്യൂട്ടിയായിരുന്നു കൂട്ടായ്മ ആദ്യമായി ചോദ്യം ചെയ്ത നീതി രഹിത കാര്യം. 1963-ലെ ഇലക്ട്രിസിറ്റി ഡ്യൂട്ടി നിയമത്തിലെ 5-എ വകുപ്പ് അനുസരിച്ച് ഊർജ്ജം ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നവർ നിശ്ചിത നിരക്കിൽ (യൂണിറ്റിന് 1.2 പൈസ) സർക്കാറിന് ഡ്യൂട്ടി കൊടുക്കണം. പുനരുപയോഗ ഊർജ്ജ (RE) നയം വ്യക്തമാക്കുന്ന 2012-ലെ സർക്കാർ ഉത്തരവിൽ ഈ ഡ്യൂട്ടിയിൽ നിന്ന് ഒഴിവ് കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ ഇല്ലാതിരുന്നതിനാൽ ആകാം, സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് (KSEBL) ഈ ഡ്യൂട്ടി ഈടാക്കൽ തുടർന്നു എന്ന് മാത്രമല്ല, ഉൽപാദിപ്പിച്ച മുഴുവൻ യൂണിറ്റിനും കൂടി ഡ്യൂട്ടി ഈടാക്കുകയും ചെയ്തു. കൂട്ടായ്മയുടെ പ്രചോദനത്താൽ നിരവധി അംഗങ്ങൾ സെക്ഷൻ ഓഫീസ്, കോൺസ്യൂമർ ഗ്രീവൻസ് റിഡ്രെസ്സൽ ഫോറം (CGRF), കേരളാ വൈദ്യുതി ഓംബുഡ്സ്മാൻ തലങ്ങളിൽ ഈ അന്യായം ചോദ്യം ചെയ്തു. ഇതിനിടെ 2024 മാർച്ച് മാസത്തിലെ സംസ്ഥാന ബജറ്റിൽ ഡ്യൂട്ടി തുക 15 പൈസയായി വർധിപ്പിച്ച ബിൽ പാസാക്കുകയും ചെയ്തു. KDSPC-യുടെ നേതൃത്വത്തിൽ നിയമസഭാ സാമാജികരെയും മറ്റും ബന്ധപ്പെട്ട് നിയമസഭയിൽ ഈ പ്രശ്നം ചർച്ച ചെയ്തതിനെ തുടർന്ന് സോളാർ വൈദ്യുതിയെ ഈ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി നിയമ ഭേദഗതി വരുത്തി. ഫലത്തിൽ 1.4.2024 മുതൽ സോളാർ പ്ലാന്റുകൾക്ക് ഈ ഡ്യൂട്ടി ഇല്ലാതായി. ഈ തിയ്യതി മുതൽ വാങ്ങിയ ഡ്യൂട്ടി തുക 2025 മാർച്ച് - ഏപ്രിൽ മുതൽ പ്രൊസ്യൂമർക്കാർക്ക് തിരിച്ചു കിട്ടി. അധികാര സ്ഥാനങ്ങളിൽ നിയമ ബോധവൽക്കരണം നടത്തിയ ആദ്യ ചുവടു വയ്പ്പ് ഫല പ്രാപ്തിയിലെത്തി.

## **സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷനും (KSERC) സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡും (KSEBL)**

വൈദ്യുതി ഉപഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽകാൻ ബാധ്യതയുള്ള ഒരു ലൈസൻസി എന്ന നിലക്ക് പ്രവർത്തിക്കുന്ന **KSEBL** ഒരു പൊതു മേഖലാ കമ്പനിയാണ്. എങ്കിലും അവരുടെ സേവനങ്ങൾക്കാവശ്യമായ നിബന്ധനകളും മറ്റും നിശ്ചയിക്കുന്നത് **KSERC** എന്ന അർധ ജൂഡീഷ്യൽ സ്ഥാപനമാണ്. കേരളീയ സമൂഹം വളരെ അടുത്ത കാലത്താണ് **KSERC** എന്ന ഈ സംവിധാനത്തെക്കുറിച്ച് മനസിലാക്കിയത്. ഉപഭോക്താക്കളെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് ഈ കമ്മീഷനാണ്. പൊതു തെളിവെടുപ്പിലൂടെ പൊതു ജനങ്ങളുടെ ഭാഗം കൂടി കേട്ടു കൊണ്ടാണ് കമ്മീഷൻ തീരുമാനം എടുക്കുന്നത് എന്നാണ് പറയാറെങ്കിലും ഇതൊന്നും പൊതുജനം അറിയാറില്ല എന്നതാണ് വസ്തുത. **KSEBL**-ഉം ചില തൽപര കക്ഷികളും മാത്രം പങ്കെടുക്കുന്ന പൊതു തെളിവെടുപ്പിൽ പ്രധാന കക്ഷിയായ ഉപഭോക്താക്കൾ പ്രതിനിധീകരിക്കപ്പെടുകയൊ അവരുടെ ന്യായം രേഖപ്പെടുത്തപ്പെടുകയോ ചെയ്യാറില്ലായിരുന്നു. **KDSPC**-യുടെ ആവിർഭാവത്തിന് ശേഷം ഈ സ്ഥിതിക്ക് മാറ്റം വന്നു തുടങ്ങി. **2024** ഏപ്രിൽ മെയ് മാസങ്ങളിൽ നടന്ന തെളിവെടുപ്പിൽ **KDSPC** പ്രതിനിധികൾ പങ്കെടുത്തു. തുടർന്നു, വൈദ്യുതി താരിഫ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് **2024** സെപ്റ്റംബറിൽ നടന്ന പൊതു തെളിവെടുപ്പിൽ സംസ്ഥാനത്തെ **4** കേന്ദ്രങ്ങളിൽ വൻ ജനക്കൂട്ടമാണ് പങ്കെടുത്തത്. ഇതിന് പിന്നിൽ **KDSPC**-യുടെ പങ്കും നിസാരമല്ല. ഈ **4** കേന്ദ്രങ്ങളിലും **KDSPC** പ്രതിനിധികൾ ഹാജരായി വാദങ്ങൾ അവതരിപ്പിച്ചു. **KSERC**-യുടെ തന്നെ ചരിത്രത്തിൽ ഒരു വഴിത്തിരിവായി ഇത് മാറി.

തുടർന്നു പ്രൊസ്യൂമർമാരെ മാത്രം ബാധിക്കുന്ന **2020-ലെ** റെഗുലേഷൻ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പുതിയ കരട് റെഗുലേഷൻ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഇതിനെക്കുറിച്ച് ദിവസങ്ങൾ നീണ്ട ഗഹനമായ പഠനമാണ് **KDSPC** നടത്തിയത്. ഇതിൽ നിന്ന് ഗ്രഹിച്ച വസ്തുതകൾ നിരവധി അംഗങ്ങളെക്കൊണ്ട് കമ്മീഷനിലെക്ക് ഈമെയിൽ വഴി അയച്ചും, ഓൺലൈനിലും തുടർന്ന് ഓഫ് ലൈനിലും നടന്ന തെളിവെടുപ്പിലും അവതരിപ്പിച്ച് നിയമ നിർമ്മാണത്തിൽ ഭാഗഭാക്കായി. പ്രൊസ്യൂമർമാരുടെ പ്രധാന ആവശ്യമായ ബാങ്കിംഗ് യൂണിറ്റുകൾക്ക് ലഭിക്കേണ്ട തുകക്ക് അടിസ്ഥാനമായ **Average Pooled Power Purchase Cost (APPC)** നിരക്ക് സംബന്ധിച്ച് പ്രത്യേകം ഹർജിയും കമ്മീഷനിൽ കൊടുത്തു. ഇതിന്മേൽ ഹിയറിംഗ് നടന്നിട്ട് മാസങ്ങളായി. ഇത് വരെ അന്തിമ തീർപ്പ് ആയിട്ടില്ല.

**നിയമ വഴിയിൽ:**

സാധാരണ ഗതിയിൽ **KSERC, KSEBL** എന്നിവയെ സമീപിച്ച് നീതി കിട്ടാതെ വന്ന സാഹചര്യത്തിലാണ് മറ്റു നീതി ന്യായ സംവിധാനങ്ങളെ ആശ്രയിക്കാൻ **KDSPC** തീരുമാനിച്ചത്. ഇതിന്റെ മുന്നോടിയായി സാമ്പത്തിക സഹായം നൽകുന്നത് ഉൾപ്പെടെ തയ്യാറായ **KDSPC** അംഗങ്ങളെ ഉൾപ്പെടുത്തി **Legal Support Group** രൂപീകരിച്ചു. പ്രൊസ്യൂമർ ഉൽപാദിപ്പിച്ച് ഉപയോഗിച്ച ഊർജ്ജത്തിന് കൂടി **KSEBL-**ന് ഫിക്സഡ് ചാർജ് കൊടുക്കണമന്ന നിയമ വിരുദ്ധ വ്യവസ്ഥക്കെതിരെ **CGRF &** ഓംബുസ്മാൻ എന്നിവിടങ്ങളിൽ നിരവധി അംഗങ്ങൾ ഹർജികൾ നൽകിയത് തള്ളപ്പെട്ട സാഹചര്യത്തിൽ ബഹു: ഹൈക്കോടതിയിലും കമ്മീഷനിലും ഹർജികൾ കൊടുത്തു. സാങ്കേതികമായ ഒരു വിഷയമായതിനാൽ ഇതിന്മേൽ നിശ്ചിത

സമയത്തിനകം കമ്മീഷൻ തീരുമാനമെടുക്കണമെന്ന നിർദേശത്തോടെ ഹൈക്കോടതി വിധി വന്നുവെങ്കിലും കമ്മീഷന്റെ തീരുമാനം പ്രൊസ്യൂമർക്ക് എതിരായിരുന്നു. ഇതിനെതിരെ ദേശീയ അപ്പല്ലേറ്റ് ട്രിബ്യൂണലിൽ **(Aptel)** കൊടുത്ത കേസ് നിലവിലുണ്ട്.

ഈ വിധ കാര്യങ്ങൾക്കെല്ലാം മൂല കാരണം **KSERC, KSEBL** അവിശുദ്ധ കൂട്ടുകെട്ട് ആണെന്ന തിരിച്ചറിവിലും, ഹർജി കൊടുത്ത ആൾ തന്നെ അതിൽ വിധി പറയുന്ന വൈരുദ്ധ്യവും, നീതി പീഠത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അനുകൂല വിധി ലഭിക്കാൻ പുതിയ ഒരു ഹർജി കൂടി ഹൈക്കോടതിയിൽ കൊടുത്തിട്ടുണ്ട്. അത് കൂടാതെ പുനരുപയോഗ ഊർജ്ജ നിയമം **2025**-ലെ കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധത ചൂണ്ടി കാണിച്ചു കൊണ്ടുള്ള മറ്റൊരു കേസ് നിലവിൽ ഉണ്ട്.

ഇത് കൂടാതെ ഹൈബ്രിഡ് മോഡൽ ഇൻവർട്ടറിന് അനുമതി ലഭിക്കൽ, കണക്ടഡ് ലോഡ് പുതുക്കാനെന്ന പേരിൽ അന്യായമായ തുക വാങ്ങൽ തുടങ്ങിയ കാര്യങ്ങളിൽ കേസ് കൊടുക്കാൻ സഹായം ഉൾപ്പെടെയുള്ള പിന്തുണ അംഗങ്ങൾക്ക് നൽകി വരുന്നു

**ഭാവി പ്രവർത്തനങ്ങൾ:**

അടിക്കടി ഉണ്ടാകുന്ന ഓരോ വിഷയത്തിലും നിരന്തര ഇടപെടൽ നടത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. **KSEBL** എന്ന ലൈസൻസിയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യാൻ അംഗങ്ങളെ ഇനിയും സജ്ജരാക്കണം. മെച്ചപ്പെട്ട സേവനം യഥാസമയം ലഭിക്കുക എന്ന അവകാശ പോരാട്ടത്തിന് അകമഴിഞ്ഞ പിന്തുണ ആവശ്യമുണ്ട്. ഒരു ചെറിയ ന്യൂനപക്ഷത്തിന് തന്നെ വൻനേട്ടങ്ങൾ കൊയ്യാമെങ്കിൽ ഈ കൂട്ടായ്മക്ക് കരുത്തേകി വലിയ ലക്ഷ്യങ്ങൾ നമുക്ക് നേടാനാവും.

**Milestones / Achievements / Activities of KDSPC**

| | Date | Description |
|---|---|---|
| 1 | 5/2/24 | **A Virtual Community created on WhatsApp by Mr.Jameskutty Thomas Viz Kerala Solar Prosumers-Domestic Only** |
| 2 | 6/2/24 | **First Member** Mr. Basheer Kadir joined the WhatsApp group. |
| 3 | 20/3/24 | Our members attended, Hearing on Draft KSERC (Renewable Energy and Net Metering 2024) (Second Amendment) Regulations 2020 |
| 4 | 9/5/24 | Apart from Main Group, **Core Committee** WhatsApp Group formed |
| 5 | 11/5/24 | **Group 2** Created and renamed the existing main group as Group 1 |
| 6 | 12/5/24 | Our first **Press Release** issued on **Self Generation duty** |
| 7 | 13/5/24 | **First Online Meeting** for our Members (Zoom Meeting) **Subject** - KSERC Hearing, dated 15/05/2024 |
| 8 | 15/5/24 | Our members attended, Hearing on Draft KSERC **(Renewable Energy and Net Metering 2024) (Second Amendment) Regulations 2024** |
| 9 | 15/5/24 | KDSPC **Admin Panel** formed |
| 10 | 20/5/24 | Many members gave complaints to respective electrical sections in connection with Self Generation Electricity Duty. |
| 11 | 28/5/24 | Members handed over our representation on withdrawal of Self Generation duty to the **Minister of Electricity and ANERT Shri K. Krishnankutty** |
| 12 | 4/6/24 | Members in different places, handed over representation to 75 MLA s and mailed representation to remaining **MLAs.** (Number is approx..) |

| | | |
|---|---|---|
| 13 | 5/6/24 | **Group 3** Created |
| 14 | 2/7/24 | The problems faced by Kerala's prosumers and the issues harming the renewable energy sector were emailed by KDSPC to all MLAs to be raised in the **Legislative Assembly's Question Hour.** |
| 15 | 8/7/24 | Withdrawal of Self Generation Duty by Kerala Legislative Assembly through our movement. |
| 16 | 18/7/24 | KDSPC initiated to prepare FAQ to empower new and/or existing solar prosumers. |
| 17 | 26/7/24 | Our **community named** as "Kerala Domestic Solar Prosumers' Community - KDSPC" |
| 18 | 26/7/24 | Our official domain keraladspc.org is registered, official email ID keraladspc@gmail.com and Facebook page are created. |
| 19 | 1/8/24 | KDSPC Press report released in connection with Self Generation Duty |
| 20 | 7/8/24 | **Petition** filed with Ombudsman by Mr. Mohammad Ibrahim regarding withdrawal of **Generation Duty** |
| 21 | 15/8/24 | Panel Discussion conducted: - KSEB സ്മാർട്ട് മീറ്റർ CapEx വിജയിക്കുമോ? (With Live Stream) |
| 22 | 3/9/24 | **OP 18/2023** - KDSPC Members filed a Petition for revise schedule of **Tariff and terms and conditions for retail supply of electricity by KSEB** w.e.f 01/07/2024 to 31/03/2027 (Hearing @ Kozhikode on 3rd, Palakkad on 4th, Ernakulam on 5th & Thiruvananthapuram on 11th) |
| 23 | 4/9/24 | Our Community's Tagline announced as "**Solar Energy for a Sustainable Tomorrow**" |
| 24 | 24/9/24 | Our **KDSPC's Official Logo** published |
| 25 | 28/9/24 | Letter given to all MLAs in connection with Implementation of Smart Meters |
| 26 | 23/10/24 | First Janakeeya Sabha: - സ്മാർട്ട് മീറ്റർ കേരളത്തിൽ |

| | | |
|---|---|---|
| 27 | 9/11/24 | Third monthly meeting and Technical Webinar: - All About Energy Storage Batteries by Mr.Rajesh, Mekkatt, R & D Head (Battery), OLA |
| 28 | 13/11/24 | Janakeeya Sabha -2:- Speech by Mr.Ajith.N |
| 29 | 19/11/24 | **OP 65/2023 -** KDSPC Members attended hearing for the Petition to approve Capital Investment Plan for the FY 2022-23 to 2026-27 for SBU-Distribution |
| 30 | 19/11/24 | Ombudsman ordered in favour of petition filed by Sri.Mohammed Ibrahim as expected, in connection with Self Generation Duty |
| 31 | 21/11/24 | **Legal Cell/Support Team** Formed |
| 32 | 24/11/24 | Janakeeya Sabha -3: - വൈദ്യുതി മേഖല - കേരള മോഡൽ \| ഒരു അവലോകനം |
| 33 | 24/11/24 | Janakeeya Sabha -4: - സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുവാൻ KSEB തയ്യാറാക്കിയ DPR-ലെ വീഴ്ചകൾ |
| 34 | 9/12/24 | Petition filed by Mr. Sreekumara Warrier regarding unlawful collection of excess amount and billing system in the first bill of a prosumer |
| 35 | 12/12/24 | KDSPC filed a complaint to Ministry of Power through CPGRAMs |
| 36 | 13/12/24 | Janakeeya Sabha -5: - ഓംബുഡ്സ്മാൻ വിധിയുടെ നാൾവഴികൾ \| Internal Grievance Redressal Cell (IGRC)-നെ സംബന്ധിച്ച് |
| 37 | 12/1/25 | **CC Members First Physical Meeting** at Ernakulam |
| 38 | 21/1/25 | **OP/081/2024** Ombudsman's order received to refund the excess amount collected, which is in favour of Mr. Sreekumara Warrier's petition regarding unlawful billing of first bill of a prosumer |
| 39 | 22/1/25 | Started **Hearing** of KDSPC members on FC petition in **CGRF** |

| | | |
|---|---|---|
| 40 | 29/1/25 | **OP 49/2024 -** KDSPC Members filed Petition for Truing up of Accounts for the FY 2023-24 |
| 41 | 23/2/25 | KDSPC Celebrated its **First Anniversary** |
| 42 | 21/3/25 | Filed a Petition to CGRF, by Mr. Benson Antony regarding, not providing the grid connectivity for the 7 kw Solar hybrid system even after the payment was made followed by Annex 2 submission |
| 43 | 7/4/25 | First Lady Member, Mrs. Daisy George joined KDSPC Core Committee. |
| 44 | 9/4/25 | Started **Hearing** of KDSPC members on FC petition in **Ombudsman** |
| 45 | 13/5/25 | CGRF order **OP No.125/2024-25** issued in favour of Mr. Benson Antony regarding, not providing the grid connectivity for the 7 kw Solar hybrid system even after the payment was made followed by Annex 2 submission. |
| 46 | 30/5/25 | E-mailed our request to KSERC to issue order on the APPC rate to pay prosumers for the year 2024-25 |
| 47 | 2/6/25 | Mr. Benson Antony filed a petition with KSERC on noncompliance of KSEB on order issued by CGRF |
| 48 | 13/6/25 | **WP(C) 22058/2025 -** KDSPC Members filed a Writ Petition with **HC** to withdraw illegal collection of **Fixed Charge & SD Issues** |
| 49 | 30/6/25 | Submitted 42-page **Comments to KSERC** on **RE Draft 2025** |
| 50 | 30/6/25 | Janakeeya Sabha -10, Sub. - Renewable Energy and Related Matters 2025, Draft സംബന്ധിച്ച് |
| 51 | 3/7/25 | KDSPC received an **Order from HC** on Writ Petition filed with HC to withdraw illegal collection of **Fixed Charge & SD Issues** |
| 52 | 8/7/25 | Hearing on **RE Draft 2025 -** KSERC (Renewable Energy and Related Matters) Regulations 2025. **KDSPC members attended on 8, 10, 11, 15, 16 and 17 July 2025** |

| | | |
|---|---|---|
| 53 | 21/7/25 | KDSPC Members conducted a Press Meet in Ernakulam Press Club regarding the Impact on Prosumers with respect to RE Draft 2025 |
| 54 | 23/7/25 | KDSPC filed a Petition with **KSERC** as per the **order of HC**, to withdraw illegal collection of **Fixed Charge & SD Issues** |
| 55 | 28/7/25 | KDSPC requested intervention of **CM** on RE draft, 2025 |
| 56 | 28/7/25 | The problems faced by Kerala's prosumers and the RE Draft 2025 issues harming the renewable energy sector were emailed by KDSPC to all MLAs to be raised in the **Legislative Assembly's Question Hour**. |
| 57 | 2/8/25 | KDSPC requested intervention of **Central Electricity Authority (CEA)** on RE draft, 2025 |
| 58 | 2/8/25 | KDSPC requested intervention of **MPs** on RE draft, 2025 |
| 59 | 5/8/25 | KDSPC Member Mr. Prasad LP, filed a **petition with CGRF** regarding, KSEB **charged FC and MR twice** within a month after wheeling. complained on 8/7/25. As respondent confessed their mistake CGRF, without conducting a hearing, has ordered to refund the amount. |
| 60 | 27/8/25 | KDSPC Filed a **Petition to KSERC** on Average Pooled Cost of Power Purchase **(APPC rate)** for the FY 2023-24. |
| 61 | 19/9/25 | Janakeeya Sabha -11, Sub. - കെ എസ് ഇ ബി റൗണ്ട് ടേബിൾ ചർച്ചയിലെ കാണാപ്പുറങ്ങളും സോളാർ വൈദ്യുതിയുടെ ഭാവിയും. |
| 62 | 22/9/25 | **OP No: 43/2025**, Order issued by **KSERC** on our Petition filed, as per the order of HC, to withdraw illegal collection of **Fixed Charge & SD Issues** |
| 63 | 20/10/25 | **Janakeeya Sabha -12,** Sub. - കേരളത്തിൽ പുതിയതായി നടപ്പാക്കുവാൻ പോകുന്ന പുനരുപയോഗ ഊർജ്ജ നിയമം-2025 ഈ നാടിന്റെ നന്മയ്ക്കോ? റെഗുലേറ്ററി കമ്മിഷൻ 22-10-25 മുതൽ നടത്തുന്ന പൊതു തെളിവെടുപ്പിനോട് അനുബന്ധിച്ച് |

| | | |
|---|---|---|
| 64 | 31/10/25 | Ombudsman's Order in favour of Mr.Moideen Pazhoor for refunding the extra cash for conversion from single phase to three phase |
| 65 | 4/11/25 | KDSPC filed a Petition with **APTEL (DFR/422/2025)** ***Case # APL 384/2025*** (APL No. 384 OF 2025 & IA No. 1662 OF 2025) against KSERC's order on our petition to withdraw illegal collection of **Fixed Charge & SD Issues** |
| 66 | 7/11/25 | **Janakeeya Sabha -13**, Sub. - Discussion on the Draft of the Electricity Act 2003 (Amendment 2025) Bill 2025 |
| 67 | 28/11/25 | The CGRF Order **OP No. 58/2025-26** has been issued in favour of Mr. Mohammad Ibrahim regarding the unlawful pro-rata billing of fixed charges and excess interim billing by KSEB. |
| 68 | 16/1/26 | **WP(C) 1999/2026** - KDSPC Members filed a Writ Petition with **HC** on implementation of RE Regulations 2025 against prevailing Electricity Act |
| 69 | 18/2/26 | Our petition in APTEL APL No. 384 OF 2025 & IA No. 1662 OF 2025 Disposed in favour of KSEB |
| 70 | 13/3/26 | **Janakeeya Sabha -14**, Sub. - Discussion on സ്മാർട്ട് മീറ്റർ: കേരളാ മോഡൽ യാഥാർത്ഥ്യവും ആശങ്കകളും (Smart Meter: Kerala Model Reality and Concerns) ഉപഭോക്താക്കൾക്ക് ലാഭമോ അതോ അധിക ബാധ്യതയോ? ഒരു ജനകീയ ചർച്ച. |
| 71 | 18/3/26 | Review Petition (RP 5 of 2026) filed on FC issue with **APTEL (DFR/118/2026)** against APTEL order. |
| 72 | 24/5/26 | **KDSPC Members' first Physical Meeting** conducted at South Regency, Ernakulam with a participation of 185 members (including family members) from 14 Districts of Keralam |

KDSPC

Solar Energy for a Sustainable Tomorrow

ഈ ബുക്ക്ലെറ്റ് **കേരളാ ഡൊമെസ്റ്റിക് സോളാർ പ്രൊസ്യൂമേഴ്സ് കമ്യൂണിറ്റി (KDSPC)** അംഗങ്ങൾക്കിടയിലെ സ്വകാര്യ പ്രചരണത്തിന് മാത്രമുള്ളതാണ്. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രൊസ്യൂമർമാരുടെ അവകാശങ്ങളെ കുറിച്ചുള്ള അറിവ് പങ്കുവെക്കുന്നതിനും ബോധവൽക്കരണത്തിനുമായി തയ്യാറാക്കിയിട്ടുള്ളതാണ്. ഇത് ഒരു നിയമപരമായ രേഖയായോ പ്രൊഫഷണൽ എഞ്ചിനീയറിംഗ് ഉപദേശമായോ കണക്കാക്കരുത്. **KDSPC** കോർ കമ്മിറ്റിയുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ ഇതിലെ ഉള്ളടക്കം പുനർനിർമ്മിക്കാനോ വിതരണം ചെയ്യാനോ പാടുള്ളതല്ല.

**Website:- https://www.keraladspc.org/ Email:- keraladspc@gmail.com**

# KDSPC

## അംഗമാകുവാൻ

## SCAN ME

KDSPC

www.keraladspc.org